# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5155 26.03.2018 ൽ മറുപടിക്ക്**

**കെട്ടിടനിർമ്മാണ പരിശോധന**

| ചോദ്യം<br>ശ്രീ. ആർ.രാമചന്ദ്രൻ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാന പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളുടെ ഈടും ബലവും പരിശോധിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ; വിശദീകരിക്കുമോ; | (എ) പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളുടെ ഈടും ബലവും പരിശോധിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ എല്ലാ ജില്ലകളിലും അംഗീകൃത പരിശോധനാ ലാബുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കെട്ടിടങ്ങൾ നിർമ്മിക്കുന്ന സമയത്ത് ത്രിതല ഗുണനിലവാര പരിശോധനാ സംവിധാനത്തിലൂടെ ഗുണമേന്മ ഉറപ്പാക്കിയാണ് നിർമ്മാണം നടത്താറുള്ളത്. കൂടാതെ പ്രവൃത്തി നടക്കുന്ന സമയത്ത് ക്വാളിറ്റി കൺട്രോൾ വിംഗ് പരിശോധന നടത്തി ഗുണനിലവാര സാക്ഷ്യപത്രം നൽകുന്നുണ്ട്. |
| (ബി) നിർമ്മാണ വസ്തുക്കളുടെ കടുത്ത ക്ഷാമം നേരിടുന്ന സാഹചര്യത്തിൽ കെട്ടിടങ്ങളുടെ ബലവും ഈടും പരിശോധിക്കാതെ ഇവ നീക്കം ചെയ്യുന്ന നടപടിയ്ക്ക് പകരം അടിയന്തര അറ്റകുറ്റപ്പണികൾ നടത്തി നിലനിർത്താൻ കഴിയുന്ന കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തുമോ; വിശദീകരിക്കുമോ; | (ബി) കാലപ്പഴക്കത്താൽ ബലക്ഷയം നേരിടുന്നതും അറ്റകുറ്റപ്പണികൾ നടത്തി ഒരു നിലയിലും സംരക്ഷിക്കാൻ സാധിക്കുകയില്ല എന്ന് തീർച്ചയുള്ള കെട്ടിടങ്ങൾ മാത്രമാണ് പൊളിച്ചു നീക്കാൻ ശുപാർശ ചെയ്യാറുള്ളത്. അടിയന്തിര അറ്റകുറ്റപ്പണികൾ നടത്തി നിലനിർത്താൻ കഴിയുന്ന കെട്ടിടങ്ങൾ സംരക്ഷിച്ചു വരുന്നുണ്ട്. |
| (സി) സർക്കാർ മന്ദിരങ്ങളോടനുബന്ധിച്ചുള്ള നിർമ്മാണ പ്രവൃത്തികളുടെ വസ്തുതാ-പരിശോധന നടത്താറുണ്ടോയെന്ന് വിശദീകരിക്കുമോ? | (സി) ഉണ്ട്. പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന സർക്കാർ മന്ദിരങ്ങളുടെ പ്രവൃത്തികൾ കുറ്റമറ്റ രീതിയിൽ നിർമ്മിക്കുന്നതിനായി സ്ഥല പരിശോധന നടത്തിയ ശേഷം ഗുണനിലവാരം ഉറപ്പുവരുത്തിയാണ് ചെയ്യാറുള്ളത്. |

**സെക്ഷൻ ഓഫീസർ**